"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം നഗരസഭയിലെ ജേക്കബ് ജോൺ, വട്ടച്ചിറത്തോപ്പിൽ, ചിങ്ങവനം പി.ഒ. ക്ക് വീട് അറ്റകുറ്റപ്പണിയ്ക്കായി കൈപ്പറ്റിയ തുകയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി PMAY പദ്ധതി പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1189/2024/LSGD തീയതി,തിരുവനന്തപുരം, 02-07-2024

---

പരാമർശം:-

1. കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 13-10-2023 ലെ G13-9867/19 നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ യോഗതീരുമാനം നം.4.19

**ഉത്തരവ്**

കോട്ടയം നഗരസഭയിലെ ജേക്കബ് ജോൺ വി., വട്ടച്ചിറത്തോപ്പിൽ, ചിങ്ങവനം പി.ഒ. വീട് അറ്റകുറ്റപ്പണിയ്ക്ക് 50,000 രൂപ 31-07-2018 ൽ മുനിസിപ്പാലിറ്റിയിൽ നിന്ന് കൈപ്പറ്റിയിരുന്നു. വെള്ളക്കെട്ട് മൂലം വീട് ഇപ്പോൾ വാസയോഗ്യമല്ല. പുതിയ വീട് നിർമ്മിക്കാൻ PMAY ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിക്കണമെങ്കിൽ 50,000 രൂപ പലിശ സഹിതം ഗുണഭോക്താവ് തിരികെ അടയ്ക്കണം. സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ ഇത് ഒഴിവാക്കി നൽകണമെന്നു സംബന്ധിച്ച് കോട്ടയം നഗരസഭാ സെക്രട്ടറി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 06-06-2024 ലെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. കോട്ടയം നഗരസഭയിലെ ജേക്കബ് ജോൺ വി., വട്ടച്ചിറത്തോപ്പിൽ, ചിങ്ങവനം പി.ഒ. യ്ക്ക് വീട് അറ്റകുറ്റപ്പണിയ്ക്കായി കൈപ്പറ്റിയ 50,000 രൂപയും പലിശയും തിരിച്ചടയ്ക്കുന്നതിൽ നിന്നൊഴിവാക്കി PMAY പദ്ധതി പ്രകാരം ധനസഹായം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 03-07-2024 10:57:09
സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കോട്ടയം നഗരസഭ
ശ്രീ. ജേക്കബ് ജോൺ വി., വട്ടച്ചിറത്തോപ്പിൽ, ചിങ്ങവനം പി.ഒ., കോട്ടയം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ &പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്
കരുതൽ ഫയൽ